പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 2347

08.12.2015-ലെ
മറുപടിയ്ക്ക്

## തുണി വ്യവസായ പാർക്ക്

| | ചോദ്യം<br>ശ്രീ.വി.ചെന്താമരാക്ഷൻ | | ഉത്തരം<br>ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
|---|---|---|---|
| എ) | 2013-14 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച കിൻഫ്രയുടെ ആഭിമുഖ്യത്തിലുള്ള കഞ്ചിക്കോട് തുണി വ്യവസായ പാർക്ക് ലക്ഷ്യമിട്ട തരത്തിൽ പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ? | എ) | കേന്ദ്ര സർക്കാരിന്റെ ഇന്റഗ്രേറ്റഡ് ടെക്സ്റ്റൈൽ പാർക്ക് പദ്ധതി പ്രകാരം ടെക്സ്റ്റൈൽ / തുണി മേഖലയിലുള്ള വ്യവസായ സംരംഭകരുടെ ക്ലസ്റ്റർ അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പാക്കേണ്ടത്. സംരംഭകർ ക്ലസ്റ്റർ രൂപീകരിക്കുകയും പ്രസ്തുത ക്ലസ്റ്റർ പദ്ധതിയിൽ മുതൽമുടക്കുകയും ചെയ്താലേ കേന്ദ്ര സഹായം ലഭിക്കുമായിരുന്നുള്ളൂ. ഇപ്രകാരം ക്ലസ്റ്റർ രൂപീകരിക്കുന്നതിന് വ്യവസായ സംരംഭകരെ ലഭിക്കാത്തതു കാരണം കഞ്ചിക്കോട് ഇന്റഗ്രേറ്റഡ് ടെക്സ്റ്റൈൽ പാർക്ക് പദ്ധതി ലക്ഷ്യമിട്ട രീതിയിൽ പ്രാവർത്തികമാക്കാൻ സാധിച്ചിട്ടില്ല. തുടർന്ന് ഈ പാർക്കിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് നിരവധി വ്യവസായ സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്യുകയും പ്രസ്തുത സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വിവിധ ഘട്ടങ്ങളിലുമാണ്. |

സെക്ഷൻ ഓഫീസർ